# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 11.05.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. വെടിനിർത്തൽ ധാരണ പാകിസ്ഥാൻ ആവർത്തിച്ച് ലംഘിച്ചതായി ഇന്ത്യ. ലംഘനങ്ങളെ ഗൗരവത്തോടെ കാണുന്നതായും, സ്ഥിതി ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യാൻ പാകിസ്ഥാനോട് ആവശ്യപ്പെട്ടതായും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി.

   **India Accuses Pakistan of Repeated Ceasefire Violations; Foreign Secretary Vikram Misri Says Violations Are Taken Seriously and Urges Pakistan to Handle the Situation Responsibly.**

2. വെടിനിർത്തൽ കരാർ ലംഘനമുണ്ടായതിനെ തുടർന്ന് അതിർത്തിയിൽ കനത്ത ജാഗ്രത തുടരുമെന്ന് സൈന്യം.

   **Army Says Border Vigilance Will Continue Amid Ceasefire Violations.**

3. ഇന്ത്യ - പാകിസ്ഥാൻ വെടിനിർത്തൽ കരാറിനെ സ്വാഗതം ചെയ്ത് ലോകരാജ്യങ്ങളും ദേശീയ നേതാക്കളും.

   **Global Nations and National Leaders Welcome India-Pakistan Ceasefire Agreement.**

4. ഇത്തവണ കേരളത്തിൽ കാലവർഷം നേരത്തെ എത്തും; പ്രതീക്ഷിച്ചതിനും അഞ്ചു ദിവസം മുൻപ് തെക്കു-പടിഞ്ഞാറൻ മൺസൂൺ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

**Monsoon to Arrive Early in Kerala This Year; Southwest Monsoon to Hit Kerala Coast Five Days Ahead of Schedule, says IMD**

5. **ഇന്ത്യ - പാക് സംഘർഷത്തെ തുടർന്ന് താൽക്കാലികമായി നിർത്തിവച്ച ഐപിഎൽ മത്സരങ്ങൾ പുനഃരാരംഭിക്കുന്നത് സംബന്ധിച്ച് ഇന്ന് ചർച്ച നടത്തുമെന്ന് ബിസിസിഐ.**

**BCCI to Hold Talks Today on Resumption of IPL Matches Suspended Due to India-Pak Conflict.**

**&&&&&&&&&&&&&&**

## MEA - VIOLATION (INTRO)

ഇന്നലെ ഉണ്ടായ വെടിനിർത്തൽ ധാരണ പാകിസ്ഥാൻ ആവർത്തിച്ച് ലംഘിച്ചതായി ഇന്ത്യ. ഈ ലംഘനങ്ങളെ വളരെ ഗൗരവമായി കാണുന്നുവെന്നും സായുധ സേന ഉചിതമായ മറുപടി നൽകുന്നതായും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. പ്രശ്നം പരിഹരിക്കുന്നതിനും സ്ഥിതി ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യുന്നതിനും പാകിസ്ഥാനോട് ആവശ്യപ്പെട്ടതായി ശ്രീ മിസ്രി അറിയിച്ചു.
( വോയിസ്.... )

**&&&&&&&&&&&&&&**

## INDIA-PAK CEASEFIRE

ഇന്ത്യ - പാക് അതിർത്തിയിൽ വെടിനിർത്തൽ കരാർ ലംഘനമുണ്ടായതിനെ തുടർന്ന് കനത്ത ജാഗ്രതയിൽ സൈന്യം. വെടിനിർത്തൽ ധാരണയിലെത്തിയതിന് മണിക്കൂറുകൾക്ക് ശേഷമാണ് പാകിസ്ഥാൻ സൈന്യം പ്രകോപനം ആരംഭിച്ചത്. ജമ്മു കശ്മീരിലെ പൂഞ്ചിൽ നിയന്ത്രണ രേഖയ്ക്ക് സമീപം ഇന്നലെ രാത്രി ഡ്രോൺ സാന്നിധ്യമുണ്ടായതായി പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. അതിർത്തി ജില്ലകളിൽ ഡ്രോണുകൾ കണ്ടെത്തിയതിനെ തുടർന്ന് ഗുജറാത്തിലെ കച്ച് ഉൾപ്പെടെയുള്ള

പ്രദേശങ്ങളിൽ സംസ്ഥാന സർക്കാർ ബ്ലാക്ക് ഔട്ട് ഏർപ്പെടുത്തിയിരുന്നു. ഇന്നലെ വൈകിട്ട് അഞ്ചുമുതലാണ് ഇന്ത്യയും പാകിസ്ഥാനും തമ്മിൽ വെടിനിർത്തൽ നിലവിൽ വന്നത്. ഉച്ചകഴിഞ്ഞ് 3.35 ന് പാകിസ്ഥാൻ സൈനിക ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ, ഇന്ത്യൻ ഡിജിഎംഒ യുമായി സംസാരിച്ചിരുന്നു. ഇരുപക്ഷവും കരയിലും വായുവിലും കടലിലുമുള്ള എല്ലാ വെടിവയ്പ്പുകളും സൈനിക നടപടികളും നിർത്താൻ ധാരണയായിരുന്നു. നാളെ ഡിജിഎംഒ തലത്തിൽ വീണ്ടും ചർച്ച നടക്കാനിരിക്കെയാണ് വെടിനിർത്തൽ ലംഘനമുണ്ടായത്.

&&&&&&&&&&&&&&

## HOME SEC. MEETING

പാകിസ്ഥാനുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരുമായി, കേന്ദ്ര അഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ ഇന്നലെ വീഡിയോ കോൺഫറൻസിങ്ങിലൂടെ ചർച്ച നടത്തി. ജാഗ്രത പുലർത്താനും, അതിർത്തിയിൽ വെടിവയ്പ്പ് ഉണ്ടാകുന്ന പക്ഷം, സിവിൽ പ്രതിരോധ സംവിധാനങ്ങൾ സജ്ജമാക്കാനും ചീഫ് സെക്രട്ടറിമാർക്ക് നിർദേശം നൽകി.

&&&&&&&&&&&&&&

## INDIAN ARMY ( INTRO )

ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഇന്നലെയുണ്ടായ വെടിനിർത്തൽ ധാരണയിൽ ഉറച്ചുനിൽക്കുമെന്നും അതേസമയം സംഘർഷങ്ങളോടു ശക്തമായി പ്രതികരിക്കുമെന്നും സൈന്യം അറിയിച്ചു. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ ഔദ്യോഗികമായി സ്ഥിരീകരിച്ചശേഷം സൈനിക ഉദ്യോഗസ്ഥരായ സോഫിയ ഖുറേഷി, വ്യോമിക സിംഗ്, രഘു നായർ എന്നിവർ നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. പാകിസ്ഥാന്റെ ഭാഗത്തുനിന്നും തെറ്റായ

വിവരങ്ങളാണ് പ്രചരിപ്പിക്കുന്നതെന്നും വിവരങ്ങൾ വസ്തുനിഷ്ഠമായി പ്രസ്താവിക്കേണ്ടത് സൈന്യത്തിന്റെ ഉത്തരവാദിത്തമാണെന്നും സൈനിക വക്താക്കൾ പറഞ്ഞു. സൈന്യം, നാവികസേന, വ്യോമസേന എന്നിവരോട് ധാരണ പാലിക്കാൻ നിർദേശിച്ചതായും ഏതെങ്കിലും തരത്തിൽ പ്രകോപനമുണ്ടായാൽ നേരിടാൻ സേന സർവ്വസജ്ജമാണെന്നും കമാൻഡർ രഘുനായർ അറിയിച്ചു. ( വോയിസ്....)

**&&&&&&&&&&&&&&**

## GOVT. ADVISORY

സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ ഒഴികെയുള്ളവയിൽ സിവിൽ ഡിഫൻസ് എയർ റെയ്ഡ് സൈറൺ ശബ്ദം ഉപയോഗിക്കുന്നത് ഒഴിവാക്കാൻ എല്ലാ മാധ്യമങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകി. സൈറൺ സ്ഥിരമായി ഉപയോഗിക്കുന്നത് വ്യോമാക്രമണ സൈറണുകളോടുള്ള പൊതുജനകളുടെ പ്രതികരണം കുറയ്ക്കുമെന്നും യഥാർത്ഥ വ്യോമാക്രമണ സാഹചര്യങ്ങളിൽ ജനങ്ങൾക്ക് തെറ്റിദ്ധാരണക്ക് സാധ്യതയുണ്ടെന്നും ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

**&&&&&&&&&&&&&&**

## UN SECY GENERAL – CEASEFIRE

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ കരാറിനെ സ്വാഗതം ചെയ്ത് യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. നിലവിലെ ശത്രുത അവസാനിപ്പിക്കുന്നതിനും സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള മികച്ച ചുവടുവയ്പ്പാണിതെന്ന് ഗുട്ടെറസ് അഭിപ്രായപ്പെട്ടു. ലോകരാജ്യങ്ങളും ദേശീയ നേതാക്കളും വെടിനിർത്തലിനെ സ്വാഗതം ചെയ്തു.

&&&&&&&&&&&&&&

## UK-CEASEFIRE

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ കരാറിനെ സ്വാഗതം ചെയ്യുന്നതായി യു.കെയും അറിയിച്ചു. സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ തുടരാൻ ഇരു രാജ്യങ്ങളോടും യു കെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&

## GOVT-FACT CHECK

ഇന്ത്യ-പാകിസ്ഥാൻ സംഘർഷത്തിന്റെ യഥാർത്ഥ ദൃശ്യങ്ങളെന്ന വ്യാജേന നിരവധി ഗെയിമിംഗ് വീഡിയോകൾ പ്രചരിക്കുന്നതായി കേന്ദ്രസർക്കാർ. അത്തരം വ്യാജ സന്ദേശങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. സംഘർഷ സാധ്യത കണക്കിലെടുത്ത് രാജ്യരക്ഷാ മന്ത്രിയുടെ ഓഫിസ് സിവിൽ തയ്യാറെടുപ്പിനുള്ള നിർദ്ദേശങ്ങൾ നൽകുന്ന തരത്തിലുള്ള വാട്ട്സ്ആപ്പ് സന്ദേശവും വ്യാജമാണെന്ന് പി.ഐ.ബി പറഞ്ഞു.

&&&&&&&&&&&&&&

## NATIONAL TECHNOLOGY DAY

ഇന്ന് ദേശീയ സാങ്കേതിക ദിനം. 1998-ൽ രാജസ്ഥാനിലെ പൊഖ്റാനിൽ ഇന്ത്യ വിജയകരമായി ആണവ പരീക്ഷണം നടത്തിയതിന്റെ ഓർമയ്ക്കായാണ് എല്ലാവർഷവും മെയ് 11 ദേശീയ സാങ്കേതിക ദിനമായി ആചരിക്കുന്നത്. ദൈനംദിന ജീവിതത്തിൽ സാങ്കേതികവിദ്യയുടെ പങ്ക് ഉയർത്തിക്കാട്ടുകയും ശാസ്ത്ര സാങ്കേതിക വിദ്യയിൽ യുവാക്കളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ലക്ഷ്യമിട്ടാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&

## MONSOON

ഇത്തവണ തെക്കു-പടിഞ്ഞാറൻ മൺസൂൺ കേരളത്തിൽ നേരത്തെ എത്തുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പ്രതീക്ഷിച്ചതിനും അഞ്ചു ദിവസം മുൻപ്, ഈ മാസം 27 നു മൺസൂൺ തീരം തൊടുമെന്നാണ് സൂചന. രാജ്യത്ത് കാർഷിക ഉത്പാദനം വർധിപ്പിക്കാനും, സംഭരണികളിലെ ജല നിരപ്പ് മെച്ചപ്പെടുത്താനും , നേരത്തെയുള്ള മൺസൂൺ സഹായിക്കാറുണ്ട്. ഇത്തവണത്തെ മൺസൂണിൽ സാധാരണയിൽ കൂടുതൽ മഴ ലഭിക്കുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മധ്യപ്രദേശ്, രാജസ്ഥാൻ, ഒഡിഷ, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലും ഇക്കുറി മെച്ചപ്പെട്ട മഴ ലഭിക്കാൻ സാധ്യതയുണ്ട്.

&&&&&&&&&&&&&&

## V SIVANKUTTY

എസ്എസ്എൽസി പരീക്ഷയിൽ യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠന സാധ്യത ഉറപ്പാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. ഈ മാസം 14 മുതൽ 20 വരെ പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. പ്ലസ് വൺ ക്ലാസ്സുകൾ ജൂൺ 18 ന് ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&

## NIPAH

നിപ സ്ഥിരീകരിച്ച മലപ്പുറത്ത് പ്രതിരോധ നടപടിയുടെ ഭാഗമായുള്ള പനി സർവേ പുരോഗമിക്കുന്നു. അതേസമയം നിപ ബാധിച്ച വളാഞ്ചേരി സ്വദേശിനിയുടെ ആരോഗ്യനില ഗുരുതരമായി തുടരുകയാണ്. സമ്പർക്കപ്പട്ടികയിലുൾപ്പെട്ട് ലക്ഷണങ്ങൾ പ്രകടിപ്പിച്ച അഞ്ചുപേരും ചികിത്സയിലാണ്.

&&&&&&&&&&&&&&

## KANNUR -HAJJ (INTRO)

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഈ വർഷത്തെ ആദ്യ ഹജ്ജ് വിമാനം ഇന്ന് രാവിലെ പുറപ്പെട്ടു. 170 തീർത്ഥാടകരുമായാണ് വിമാനം പുറപ്പെട്ടത്. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**

(വോയിസ്)

&&&&&&&&&&&&&&

## BCCI-IPL

ഇന്ത്യ - പാക് സംഘർഷത്തെ തുടർന്ന് താൽക്കാലികമായി നിർത്തിവച്ച ഐപിഎൽ മത്സരങ്ങൾ പുനഃരാരംഭിക്കുന്നത് സംബന്ധിച്ച് ഇന്ന് ചർച്ച നടത്തുമെന്ന് BCCI ഉപ അധ്യക്ഷൻ രാജീവ് ശുക്ല. വെള്ളിയാഴ്ചയാണ് IPL നിർത്തിവയ്ക്കാൻ BCCI തീരുമാനിച്ചത്.

&&&&&&&&&&&&&&

## DELHI AIRPORT

ഡൽഹി വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി തുടരുന്നതായും എന്നാൽ സുരക്ഷാ കാരണങ്ങൾ മുൻനിർത്തി വിമാന സമയങ്ങളിൽ മാറ്റങ്ങൾക്ക് സാധ്യതയുണ്ടെന്നും വിമാനത്താവള അധികൃതർ അറിയിച്ചു. യാത്രക്കാർ സുരക്ഷാ ഉദ്യോഗസ്ഥരുമായി സഹകരിക്കണമെന്നും വിമാന സമയം സംബന്ധിച്ച് എയർ ലൈൻ കമ്പനികളുമായി ബന്ധപ്പെടണമെന്നും നിർദേശമുണ്ട്. മുംബൈ ഛത്രപതി ശിവജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളവും യാത്രികർക്കായി മാർഗ നിർദേശങ്ങൾ പുറത്തിറക്കി.

&&&&&&&&&&&&&&

## US-IRAN TALKS

പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ സന്ദർശനത്തിനു മുന്നോടിയായി ആണവ പദ്ധതി സംബന്ധിച്ച് അമേരിക്കയും ഇറാനും ഇന്ന് ഒമാനിൽ ആണവ ചർച്ച നടത്തും. അടുത്തയാഴ്ച മൂന്ന് അറബ് രാജ്യങ്ങൾ സന്ദർശിക്കുന്ന യു എസ് പ്രസിഡന്റ് ടെഹ്റാനുമായി കരാറിലെത്തുമെന്നാണ് റിപ്പോർട്ടുകൾ.

&&&&&&&&&&&&&&

## MANOHAR - IHC

ഹാബിറ്റാറ്റ് ലൈബ്രറി ആൻഡ് റിസോഴ്സ് സെന്റർ ഓഫ് ഇന്ത്യ, ഹാബിറ്റാറ്റ് സെന്ററിന്റെ, ഭാരത് ബോധ് കേന്ദ്രം കേന്ദ്ര ഭവന, നഗരകാര്യ മന്ത്രി മനോഹർ ലാൽ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക, നാഗരിക പൈതൃകത്തെക്കുറിച്ചുള്ള അവബോധം വളർത്തുകയാണ് കേന്ദ്രത്തിന്റെ ലക്ഷ്യം. ഹരിത സംരംഭങ്ങൾ ഉൾപ്പെടെ, ഐഎച്ച്സിയിൽ നടക്കുന്ന പ്രവർത്തനങ്ങളെ മന്ത്രി അഭിനന്ദിച്ചു.

&&&&&&&&&&&&&&
&&&&&&&&&&
&&&&